**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4192** **03-03-2023 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ ബിവറേജ് ഔട്ട് ലെറ്റുകൾ വഴി ഒരു ദിവസം ശരാശരി വിൽക്കുന്ന മദ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബിവറേജ് ഔട്ട്-ലെറ്റുകൾ വഴി ഒരു ദിവസം ശരാശരി എത്ര കുപ്പി മദ്യം വിൽക്കുന്നു എന്ന കണക്ക് ലഭ്യമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ എഫ്.എൽ.01-ഔട്ട് ലെറ്റുകൾ വഴി ഒരു ദിവസം ശരാശരി 914401 കുപ്പികൾ (ഫെബ്രുവരി 2-ാം തീയതി മുതൽ 24-ാം തീയതി വരെയുള്ള വിൽപ്പനയുടെ കണക്കിനെ അടിസ്ഥാനമാക്കി) വില്ക്കപ്പെടുന്നുണ്ട്. |
| (ബി) | ഇപ്രകാരം വിൽക്കപ്പെടുന്ന കുപ്പികൾ പൊതുയിടങ്ങളിലും മറ്റും വലിച്ചെറിഞ്ഞ് മാലിന്യ കൂമ്പാരങ്ങൾ സൃഷ്ടിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇക്കാര്യം പരിഹരിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (സി) | സംസ്ഥാനത്തെ മാലിന്യ നിർമാർജ്ജനം സർക്കാരിന്റെ മുൻഗണനയിലുള്ള വിഷയമാണ്. മദ്യം പ്ലാസ്റ്റിക് കുപ്പികളിൽ വിതരണം ചെയ്യുന്നത് പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്തതിനാൽ ഘട്ടം ഘട്ടമായി പ്ലാസ്റ്റിക് കുപ്പികളിൽ മദ്യം വിതരണം ചെയ്യുന്നത് നിർത്തലാക്കുന്നത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ